# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടി ക്രമം

(ഹാജർ: ജി.രാജീവ്)

നമ്പർ:ബി2/285/2005 തീയതി:02/06/18.

വിഷയം:-വ്യവസായം - അടിസ്ഥാന സൗകര്യ വികസനം - വൈക്കം വ്യവസായ വികസന പ്ലോട്ട് - മെ.പ്രഭാകർ റബർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം കൈമാറ്റം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:-(1) സ.ഉ.(എം.എസ്) നം.169/69/ഐഡി. തീയതി:05/04/69

(2) സ.ഉ.(എം.എസ്) നം.297/70/ഐഡി. തീയതി:24/08/70

(3) സ.ഉ.(എം.എസ്) നം.60/2013/ഐഡി. തീയതി:10/06/13

(4) സ.ഉ.(എം.എസ്) നം.110/2013/ഐഡി. തീയതി:18/09/13

(5) വ്യവസായ വാണിജ്യ ഡയറക്ടറുടെ 26/06/79 ലെ ആർ6/50905/79/ KDis നമ്പർ നടപടിക്രമം.

(6) ഈ ഓഫീസിലെ 03/07/2006 ലെ ബി1/285/2005 നടപടിക്രമം

(7) ശ്രീ. കെ.പി. രാമചന്ദ്രൻ നായർ, മെ. പ്രഭാകർ റബർ ഇൻഡസ്ട്രീസിന്റെ 08/06/16 ലെ അപേക്ഷ

(8) ശ്രീ. ജോസഫ് മാത്യു, മെ.എസ്തേര പോളിമേഴ്സിന്റെ 08/06/16 ലെ അപേക്ഷ

(9) ഈ ഓഫീസിലെ 01/11/16 ലെ ഇതേ നമ്പർ കത്ത്

(10) വ്യവസായ വാണിജ്യ ഡയറക്ടറുടെ 30/05/17 ലെ ഐഡി2/21326/16-ാം നമ്പർ നടപടിക്രമം.

(11) ശ്രീ. കെ.പി.രാമചന്ദ്രൻ നായരുടെ 04/07/17, 14/11/17 എന്നീ തീയതികളിലെ അപേക്ഷ

(12) WP(c) 2736/2018-ാം നമ്പരായി ശ്രീ. കെ.പി. രാമചന്ദ്രൻ നായർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്

(13) 06/02/2018 ലെ WP(c) 2736/18 നമ്പർ വിധിന്യായം.

(14) വ്യവസായ വാണിജ്യ ഡയറക്ടറുടെ 25/04/18 ലെ ഐഡി2/1652/2018-നമ്പർ നടപടിക്രമം.

(15) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14/05/18 ലെ സർക്കുലർ നം. ഐഡി5/1127/2013.

(16) ശ്രീ.കെ.പി.രാമചന്ദ്രൻ നായരുടെ 17/05/18 ലെ അപേക്ഷ.

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ നടുവിലെ വില്ലേജിൽ വൈക്കം വ്യവസായ വികസന പ്ലോട്ടിലെ സർവ്വേ നമ്പർ 74/15 ൽ ഉൾപ്പെട്ട 17.05 സെന്റ് സ്ഥലം ട്രെഡ് റബ്ബർ യൂണിറ്റ് ആരംഭിക്കുന്നതിനായി ശ്രീ.കെ.പി. രാമചന്ദ്രൻ നായർ, കണിയാംപടിക്കൽ ഹൗസ്, തലയോലപ്പറമ്പ് എന്നയാൾക്ക് സൂചന (5)

പ്രകാരം അനുവദിച്ചുത്തരവ് നൽകിയിരുന്നു. 26/06/79 ൽ അനുവദിച്ചു നൽകിയ യൂണിറ്റാണെങ്കിലും പട്ടയത്തിനായ് യൂണിറ്റ് അപേക്ഷിച്ച സമയം രേഖകളുടെ ദൗർലഭ്യം മൂലം ശ്രീ.കെ.പി.രാമചന്ദ്രൻ നായർ പുതിയ നിരക്കിലുള്ള സ്ഥലവില അട യ്ക്കുന്നതിന് തയ്യാറാണെന്ന് അറിയിച്ച സാഹചര്യത്തിലും വ്യവസായ വാണിജ്യ ഡയറക്ടറുടെ അനുവാദത്തിന്റെ അടിസ്ഥാനത്തിലും സൂചന (6) പ്രകാരം യൂണിറ്റ് ട്രെഡ് റബർ നിർമ്മാണത്തിനായി റീ-അലോട്ട് ചെയ്ത് ഉത്തരവായി. എന്നാൽ വാഹന ഉടമകൾ ട്രെഡ് റബർ ടയറുകൾ ഉപയോഗിക്കുന്നതിൽ വിമുഖത കാട്ടുന്നതിനാൽ നിലവിലുള്ള ആക്ടിവിറ്റിയുമായി മുന്നോട്ട് പോകുന്നതിന് ബുദ്ധി മുട്ടാണെന്നും സ്ഥാപനം തുടർന്ന് നടത്തിക്കൊണ്ടു പോകുന്നത് ലാഭകരമല്ലാത്തതി നാലും ടി യൂണിറ്റും 17.05 സെന്റ് സ്ഥലവും ശ്രീ. ജോസഫ് മാത്യു, മാനേജിംഗ് പാർട്ണറായ മെ.എസ്തേര പോളിമേഴ്സ് എന്ന സ്ഥാപനത്തിന് റബർ & റബറൈസ്ഡ് ഫ്ളോർമാറ്റ് നിർമ്മാണത്തിനായി കൈമാറ്റം ചെയ്തു നൽകുന്ന തിന് സൂചന (7) പ്രകാരവും, കൈമാറ്റം ചെയ്തു നൽകുന്നതിന് നടപടികൾ സ്വീ കരിക്കണമെന്ന് അറിയിച്ച് മെ.എസ്തേര പോളിമേഴ്സ് സൂചന (8) പ്രകാരവും ഈ ഓഫീസിൽ അപേക്ഷ നൽകി. ടി യൂണിറ്റിനെ സംബന്ധിച്ച് ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും,രേഖകളുടെ അടിസ്ഥാനത്തിലും യൂണിറ്റ് കൈമാറ്റം ചെയ്യുന്ന തിന് വേണ്ട അനുവാദം നൽകണമെന്ന് സൂചന (9) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർക്ക് ഈ ഓഫീസിൽ നിന്നും ശുപാർശ ചെയ്യുകയും, സൂചന (10) പ്രകാരം കൈമാറ്റത്തിന് വ്യവസായ വാണിജ്യ ഡയറക്ടർ അനുവാദം നൽകു കയും ആയത് ലീസ് റൂൾസ് പ്രകാരമായിരിക്കണമെന്ന് ഉത്തരവ് നൽകുകയും ചെയ്തു. ലീസ് റൂൾസ് പ്രകാരം കൈമാറ്റം ചെയ്യാൻ താല്പര്യമില്ല എന്ന് സൂചന (11) പ്രകാരം ഈ ഓഫീസിലും, വ്യവസായ വാണിജ്യ ഡയറക്ടർക്കും യൂണിറ്റുടമ അപേക്ഷ നൽകി. തുടർന്ന് 13/09/2013 ലെ സ.ഉ.(എം.എസ്) നം.110/2013/10 അനുസ രിച്ച് ലീസ് റൂൾസ് പ്രകാരമേ കൈമാറ്റം ചെയ്യാൻ അനുവദിക്കൂ എന്ന് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും സ്ഥിരീകരണം ലഭിച്ചതിനാൽ ബഹു:ഹൈക്കോട തിയിൽ സൂചന (12) പ്രകാരം ശ്രീ.കെ.പി. രാമചന്ദ്രൻനായർ. റിട്ട് പെറ്റീഷൻ

2736/2018 ആയി കേസ് ഫയൽ ചെയ്യുകയും തുടർന്ന് 06/02/18 ൽ ബഹു: കോടതി ഹയർ പർച്ചേസ് പ്രകാരം കൈമാറ്റം അനുവദിച്ച് വിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ കോടതി വിധി നടപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സൂചന (14) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.പി.രാമചന്ദ്രൻ നായർക്ക് നിലവിലെ സ്ഥലവില കുടിശ്ശിക ഒടുക്കുന്നതിനും, ഹയർ പർച്ചേസ് റൂൾസ് പ്രകാരം നിലവിലെ സ്ഥലവിലയുടെ 10 % പ്രൊസസിംഗ് ഫീ ഒടുക്കുന്നതിന് മെ. എസ്തേര പോളിമേഴ്സിനും നിർദ്ദേശം നൽകി. ആയത് 14/05/18, 17/05/18 എന്നീ തീയതികളിൽ ചലാൻ മുഖേന ഒടുക്കിയിട്ടുള്ളതുമാണ്.സൂചന (15) പ്രകാരം ടി യൂണിറ്റ് പട്ടയം ലഭിക്കുന്നതിനായി ഈ ഓഫീസിൽ സമർപ്പിച്ചിരുന്ന അപേക്ഷ അസാധു ആക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ആയത് ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടയത്തിനുള്ള അപേക്ഷ അസാധു ആക്കിയിട്ടുള്ളതുമാണ്. മേൽ പ്രസ്താവിച്ചിട്ടുള്ള സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം യൂണിറ്റ് കൈമാറ്റം ചെയ്ത് ഉത്തരവാകുന്നു.

## ഉത്തരവ്

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ നടുവിലെ വില്ലേജിൽ വൈക്കം വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 74/15 ൽ പെട്ട 17.05 സെന്റ് സ്ഥലവും മെ.പ്രഭാകർ റബർ ഇൻഡസ്ട്രീസ് എന്ന യൂണിറ്റും 06/02/2018 ലെ ബഹു: ഹൈക്കോടതി വിധിയുടേയും വ്യവസായ വാണിജ്യ ഡയറക്ടറുടെ സൂചന (14) പ്രകാരമുള്ള ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഹയർ പർച്ചേസ് റൂൾസ് പ്രകാരം റബർ & റബറൈസ്ഡ് ഫ്ളോർമാറ്റ് നിർമ്മാണത്തിനായി ശ്രീ. ജോസഫ് മാത്യു മാനേജിംഗ് പാർട്ണറും ശ്രീമതി ഷീബാ ജോസഫ്, ശ്രീ. മാത്യു ജോസഫ്, ശ്രീ. ജേക്കബ് ജോസഫ് എന്നിവർ പാർട്ണർമാരും ആയിട്ടുള്ള മെ. എസ്തേര പോളി

മേഴ്സ്, വ്യവസായ വികസന പ്ലോട്ട്, വൈക്കം എന്ന സ്ഥാപനത്തിന്റെ പേർക്ക് കൈമാറ്റം ചെയ്ത് ഉത്തരവാകുന്നു.

മെ.എസ്തേര പോളിമേഴ്സിന്റെ മാനേജിംഗ് പാർട്ണറും മറ്റ് പാർട്ണർമാരുമായി ചേർന്ന് ഹയർ പർച്ചേസ് റൂൾസ് പ്രകാരം എഗ്രിമെന്റ് ഒരു മാസത്തിനകം എക്സിക്യൂട്ട് ചെയ്യേണ്ടതാണ്.

മെ. എസ്തേര പോളിമേഴ്സ് ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം പ്രവർത്തനം ആരംഭിക്കേണ്ടതാകുന്നു.

പുതിയ പാർട്ണർമാർ അടുത്ത വർഷത്തിനകം സ്ഥാപനത്തിന്റെ പേര്/ആക്ടിവിറ്റി, മാനേജ്മെന്റ് എന്നിവയിൽ മാറ്റം വരുത്തുന്നതല്ല എന്ന സത്യവാങ്മൂലം സമർപ്പിക്കേണ്ടതാകുന്നു.

ഒപ്പ്

ജനറൽ മാനേജർ

സ്വീകർത്താവ്.

(1) ശ്രീ.കെ.പി.രാമചന്ദ്രൻ നായർ
കണിയാംപടിക്കൽ ഹൗസ്,
തലയോലപ്പറമ്പ്, വൈക്കം

. (2) ശ്രീ. ജോസഫ് മാത്യു
(മാനേജിംഗ് പാർട്ണർ)
മെ. എസ്തേര പോളിമേഴ്സ്
വൈക്കം വ്യവസായ വികസന പ്ലോട്ട്.

പകർപ്പ് :

1. വ്യവസായ വാണിജ്യ ഡയറക്ടർ,( ആമുഖ കത്ത് സഹിതം)
2. എ.ഡി.ഐ.ഒ., വൈക്കം
3. ഐ.ഇ.ഒ, വൈക്കം മുനിസിപ്പാലിറ്റി.
4. മാനേജർ ക്രെഡിറ്റ്.
5. കരുതൽ ഫയൽ